(സി) നഗര പശ്ചാത്തല വികസനവും ഭരണവും പദ്ധതിയിൻ കീഴിൽ ജലവിതരണ പദ്ധതി, സീവറേജ് സ്കീം ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന മുകളിൽ പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി ആയത് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ. എം. എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

14 (*194) ശ്രീ. വി. ശശികുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ. എം. എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശിപാർശകൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) പദ്ധതിച്ചെലവിൽ ഉല്പാദന മേഖലയ്ക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഡോ. എം. എ. ഉമ്മൻ കമ്മിറ്റിയുടെ ശിപാർശകൾ പരിഭാഷപ്പെടുത്തി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ശിപാർശകൾ നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16-ന് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശിപാർശ പ്രകാരം പരിശീലനങ്ങളുടെ ഉള്ളടക്കവും ഗുണനിലവാരവും മെച്ചപ്പെടുത്തിയിട്ടുണ്ട്. മറ്റ് ശിപാർശകൾ നടപ്പാക്കുന്നതിന്റെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഉത്പാദന മേഖലയുടെ വിഹിതം 40 ശതമാനമായി 2007-ൽ വർദ്ധിപ്പിച്ചതിനുപുറമെ വകമാറ്റി ചെലവഴിച്ച തുക പതിനൊന്നാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലായി പരിഹരിക്കുകയും ചെയ്തു.

(ഡി) ഉണ്ട്. ഉദ്യോഗസ്ഥർക്ക് വാർഡുകളുടെ ചുമതല നൽകുകയും ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ വിളിച്ചു ചേർക്കുന്ന സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ഇ) (1) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

(2) ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചു.

(3) പദ്ധതി തയ്യാറാക്കൽ, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(4) ജനന-മരണ രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി

15 (*196) ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ രണ്ടാം ഗഡു ഇതുവരെ ഏതൊക്കെ ജില്ലകൾക്ക് ലഭിക്കുകയുണ്ടായി എന്നറിയിക്കുമോ ;

(ബി) രണ്ടാം ഗഡുവായി ഈ ജില്ലകൾക്ക് ആകെ എത്ര കോടി രൂപയാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത് കാരണം രണ്ടാം ഗഡു വൈകിയതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ ഏതെങ്കിലും ജില്ല രണ്ടാം ഗഡുവിനുള്ള അപേക്ഷ നേരിട്ട് കേന്ദ്രത്തിന് നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly